श्री चित्रा तिरुनाल आयुर्विज्ञान और प्रौद्योगिकी संस्थान, त्रिवेंद्रम, तिरुवननंतपुरम - 695 011, केरलम, भारत
SREE CHITRA TIRUNAL INSTITUTE FOR MEDICAL SCIENCES AND TECHNOLOGY, TRIVANDRUM
THIRUVANANTHAPURAM - 695 011, KERALAM, INDIA
(एक राष्ट्रीय महत्व का संस्थान, विज्ञान और प्रौद्योगिकी विभाग, भारत सरकार)
(An Institution of National Importance, Department of Science and Technology, Government of India)
Phone: 91-471-2443152 **Email:** sct@sctimst.ac.in

Comprehensive Care Centre for Movement Disorders, Department of Neurology

AFFIX PATIENT LABEL HERE

ബോട്ടുലിനം ടോക്സിൻ ഇൻജെക്ഷനുള്ള സമ്മതപത്രം (Consent Form)

രോഗത്തിന്റെ പേര് (Diagnosis):_____

എന്റെ നാഡീസംബന്ധമായ ലക്ഷണങ്ങൾക്ക് ചികിത്സയായി ബോട്ടുലിനം ടോക്സിൻ (Botulinum toxin) ഇൻജെക്ഷൻ നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. കുത്തിവെക്കുന്ന പേശികളുടെ അമിതമായ പ്രവർത്തനം താൽക്കാലികമായി കുറച്ചുകൊണ്ട്, തെറ്റായ രീതിയിലുള്ള ശരീരഭാവങ്ങൾ (abnormal posturing), അനൈച്ഛിക ചലനങ്ങൾ, വലിവ് (spasms), അല്ലെങ്കിൽ വേദന തുടങ്ങിയ ബുദ്ധിമുട്ടുകൾ കുറയ്ക്കുകയാണ് ബോട്ടുലിനം ടോക്സിൻ ചെയ്യുന്നത് എന്ന് ഞാൻ മനസ്സിലാക്കുന്നു.

ഇതിന്റെ ഫലം താൽക്കാലികം മാത്രമാണെന്നും, സാധാരണയായി ആഴ്ചകൾ മുതൽ മാസങ്ങൾ വരെ മാത്രമേ ഇത് നീണ്ടുനിൽക്കൂ എന്നും എന്നോട് പറഞ്ഞിട്ടുണ്ട്. അതിനുശേഷം ലക്ഷണങ്ങൾ ക്രമേണ തിരിച്ചു വരാം, വീണ്ടും ഇൻജെക്ഷനുകൾ എടുക്കേണ്ടതായി വരാം. ഇതിന്റെ ഗുണഫലങ്ങൾ ഓരോ വ്യക്തിയിലും വ്യത്യസ്തമായിരിക്കും, കൂടാതെ ഓരോ തവണ ഇൻജെക്ഷൻ എടുക്കുമ്പോഴും ഫലത്തിൽ വ്യത്യാസങ്ങൾ ഉണ്ടാകാം. ചിലർക്ക് ഇൻജെക്ഷൻ എടുത്തതുകൊണ്ട് തൃപ്തികരമായ ഫലം ലഭിച്ചെന്നും വരില്ല. ഇക്കാര്യങ്ങൾ എല്ലാം ഞാൻ മനസ്സിലാക്കുന്നു.

പാർശ്വഫലങ്ങളും സങ്കീർണ്ണതകളും പരമാവധി കുറയ്ക്കാൻ ഡോക്ടർമാർ എല്ലാ ശ്രമങ്ങളും ചെയ്യുമെന്നും, എന്നാൽ എല്ലാ മുൻകരുതലുകളും എടുത്താലും ചിലപ്പോൾ പാർശ്വഫലങ്ങൾ ഉണ്ടാകാമെന്നും ഞാൻ മനസ്സിലാക്കുന്നു. താഴെ പറയുന്നവയാണ് ഇതിന്റെ പാർശ്വഫലങ്ങൾ എന്ന് എന്നോട് ഡോക്ടർമാർ വ്യക്തമാക്കിയിട്ടുണ്ട്:

(1) കുത്തിവെച്ച സ്ഥലത്ത് വേദന, അസ്വസ്ഥത, രക്തസ്രാവം. (2) കുത്തിവെച്ച ഭാഗത്ത് വീക്കം അല്ലെങ്കിൽ തൊടുമ്പോൾ വേദന. (3) കുത്തിവെച്ച സ്ഥലത്ത് അണുബാധ (Infection). (4) ഗുരുതരമായേക്കാവുന്ന അലർജി റിയാക്ഷനുകൾ - ശ്വാസ തടസ്സവും മാരകമായേക്കാവുന്ന ഹൃദയാഘാതവും ഉൾപ്പെടെ (വളരെ അപൂർവ്വമായി). (5) കഴുത്തിൽ ഇൻജെക്ഷൻ എടുക്കുമ്പോൾ അപൂർവമായി കഴുത്തിൽ നിന്ന് കൈയിലേക്ക് വരുന്ന ഞരമ്പിന് പരിക്ക് പറ്റി കൈക്ക് തളർച്ചയോ വേദനയോ ഉണ്ടാകൽ; അപൂർവമായി ശ്വാസകോശത്തിന്റെ മുകൾ ഭാഗത്ത് പരിക്ക്.

ബോട്ടുലിനം ടോക്സിൻ ഇൻജെക്ഷൻ എടുക്കുന്നവരിൽ, കുത്തിവെച്ച പേശികൾക്കോ ചുറ്റുമുള്ള പേശികൾക്കോ താൽക്കാലിക ബലഹീനത ഉണ്ടാകാം എന്നത് മുൻകൂട്ടി അറിയേണ്ട ഒരു പാർശ്വഫലമാണെന്ന് എന്നോട് വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഈ ബലഹീനത ചിലപ്പോൾ നാം പ്രതീക്ഷിക്കുന്നതിലും കൂടുതലാകാം, ഇത് ഏതാനും ദിവസങ്ങൾ മുതൽ ആഴ്ചകൾ വരെ (അപൂർവമായി മാസങ്ങളോളം) സാധാരണ കാര്യങ്ങൾ ചെയ്യുന്നതിന് തടസ്സമായേക്കാം.

ചികിത്സയിലൂടെ ലഭിക്കേണ്ട ഫലവും അമിതമായ ബലഹീനത ഉണ്ടാകാനുള്ള സാധ്യതയും തമ്മിൽ തുലനം ചെയ്തുകൊണ്ടാണ് ഡോക്ടർമാർ അളവും (dose) കുത്തിവെക്കുന്ന സ്ഥലങ്ങളും തിരഞ്ഞെടുക്കുന്നത്, എങ്കിലും പാർശ്വഫലങ്ങൾ പൂർണ്ണമായി ഒഴിവാക്കാൻ എല്ലായ്പ്പോഴും കഴിഞ്ഞെന്നുവരില്ല.

ഈ ബലഹീനത താഴെ പറയുന്ന രീതികളിൽ പ്രകടമാകാം എന്ന് ഞാൻ മനസ്സിലാക്കുന്നു:

- കണ്ണിനു ചുറ്റുമാണ് ഇൻജെക്ഷൻ എങ്കിൽ: കൺപോളകൾ താഴേക്ക് വീഴുക, കാഴ്ച രണ്ടായി കാണുക (double vision), കണ്ണുകൾ പൂർണ്ണമായി അടയ്ക്കാൻ കഴിയാതെ വരിക, അല്ലെങ്കിൽ കണ്ണുകൾ വരണ്ടുപോവുക.
- മുഖത്താണ് ഇൻജെക്ഷൻ എങ്കിൽ: മുഖത്തെ പേശികൾക്ക് ബലഹീനത, മുഖം ഒരു വശത്തേക്ക് കോടിപ്പോവുക, ഉമിനീർ പുറത്തേക്ക് ഒഴുകുക.
- കഴുത്തിലെ പേശികളിലാണ് ഇൻജെക്ഷൻ എങ്കിൽ: കഴുത്തിന് ബലമില്ലായ്മ കാരണം തല നേരെ പിടിക്കാൻ കഴിയാതെ വരിക, ഭക്ഷണം വിഴുങ്ങാൻ ബുദ്ധിമുട്ട്.

- താടി ഭാഗത്താണ് ഇൻജെക്ഷൻ എങ്കിൽ: ചവയ്ക്കാനും വായ് തുറക്കാനും അടയ്ക്കാനും ബുദ്ധിമുട്ട്.
- നാവിലാണ് ഇൻജെക്ഷൻ എങ്കിൽ: സംസാരിക്കാൻ ബുദ്ധിമുട്ട്, ഭക്ഷണം ഇറക്കാൻ ബുദ്ധിമുട്ട്
- കൈകളിലാണ് (ഫോർആം അല്ലെങ്കിൽ കൈപ്പത്തി - Writer's cramp പോലുള്ളവയ്ക്ക്) ഇൻജെക്ഷൻ എങ്കിൽ: കൈക്ക് ബലമില്ലായ്മ.
- കാലുകളിലാണ് ഇൻജെക്ഷൻ എങ്കിൽ: കാലുകളുടെ പേശികൾക്ക് ബലമില്ലായ്മ.

അപൂർവ്വമായി, ഇൻജെക്ഷൻ എടുത്ത സ്ഥലത്തുനിന്ന് ദൂരെയുള്ള പേശികളെയും ഈ ടോക്സിൻ ബാധിച്ചേക്കാം, ഇത് പൊതുവായ ബലഹീനതയ്ക്കോ മറ്റ് ലക്ഷണങ്ങൾക്കോ കാരണമായേക്കാം. ഉദാഹരണത്തിന്, കാലിൽ ഇൻജെക്ഷൻ എടുത്താൽ വളരെ അപൂർവ്വമായി വിഴുങ്ങാൻ ബുദ്ധിമുട്ടോ കാഴ്ച രണ്ടായി കാണുന്നതോ , ശ്വാസ തടസ്സമോ ആയ പ്രശ്നങ്ങൾ ഉണ്ടായേക്കാം.

ഈ ബലഹീനത തനിയെ മാറിക്കൊള്ളും എന്നറിയാം, എങ്കിലും ഇതിനായി ആഴ്ചകളോ മാസങ്ങളോ എടുത്തേക്കാം. ഈ ബലഹീനത മാറ്റാൻ മരുന്നുകളൊന്നും (antidote) ഇല്ലെന്നും, ഞാൻ ക്ഷമയോടെ ഫിസിയോതെറാപ്പിയോ അതുപോലുള്ള മറ്റ് മാർഗ്ഗങ്ങളോ ചെയ്ത് സ്വാഭാവികമായ ഭേദത്തിനായി കാത്തിരിക്കേണ്ടതുണ്ടെന്നും എന്നോട് പറഞ്ഞിട്ടുണ്ട്. ഈ കാലയളവിൽ എന്റെ സാധാരണ പ്രവർത്തനങ്ങളിൽ ഞാൻ മാറ്റം വരുത്തേണ്ടി വരാം അല്ലെങ്കിൽ മറ്റുള്ളവരുടെ സഹായം തേടേണ്ടി വരാം. കൂടാതെ, ബോട്ടുലിനം ടോക്സിൻ ഇൻജെക്ഷൻ മൂലം ഉണ്ടാകുന്ന വിഴുങ്ങാനുള്ള ബുദ്ധിമുട്ട് ഒരു അത്യാഹിതമായി (emergency) തന്നെ കാണണമെന്നും, ഭക്ഷണം കഴിക്കുമ്പോൾ തൊണ്ടയിൽ കുടുങ്ങുന്നത് അപകടകരമായ സാഹചര്യങ്ങളിലേക്ക് നയിച്ചേക്കാം എന്നും എന്നോട് പറഞ്ഞിട്ടുണ്ട്. വിഴുങ്ങാനുള്ള ബുദ്ധിമുട്ട് ഉണ്ടായാൽ (കഴുത്തിൽ ഇൻജെക്ഷൻ എടുത്തവരിൽ മാത്രമല്ല, അപൂർവ്വമായി മറ്റ് സ്ഥലങ്ങളിൽ എടുത്തവരിലും), ബലഹീനതയും വിഴുങ്ങാനുള്ള ബുദ്ധിമുട്ടും മാറുന്നത് വരെ ഭക്ഷണം നൽകുന്നതിനായി മൂക്കിലൂടെ ട്യൂബ് (naso-gastric tube) ഇടേണ്ടി വന്നേക്കാം.

മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളും മനസ്സിലാക്കുകയും, എന്റെ എല്ലാ സംശയങ്ങളും ദൂരീകരിക്കുകയും ചെയ്തതിനുശേഷമാണ്, ബോട്ടുലിനം ടോക്സിൻ (Botulinum Toxin) ഇൻജെക്ഷൻ എടുക്കുന്നതിനായി ഞാൻ പൂർണ്ണ സമ്മതം നൽകുന്നത്.
ഈ ഇൻജെക്ഷൻ ചികിത്സ നിശ്ചിത കാലയളവുകളിൽ വീണ്ടും എടുത്തുകൊണ്ട്, തുടരേണ്ടി വരാം എന്ന് ഞാൻ മനസ്സിലാക്കുന്നു. എത്രകാലം എന്ന് മുൻകൂട്ടി പറയാൻ ആവില്ല എന്നും. ഓരോ ഇഞ്ചക്ഷനും ഈ പറഞ്ഞ കാര്യങ്ങൾ എല്ലാം ബാധകമാണ് എന്ന് മനസ്സിലാക്കിക്കൊണ്ട് ഞാൻ ഇൻജക്ഷന് സമ്മതിക്കുന്നു. ഈ തരുന്ന സമ്മതം ഇപ്പോഴത്തെ ഇൻജക്ഷന് മാത്രമല്ല ഭാവി ഇൻജക്ഷനുകൾക്കും ബാധകമാണ്. ഭാവിയിൽ ഞാൻ ഇൻജക്ഷന് വേണ്ടി ഇൻജെക്ഷൻ ക്ലിനിക്കിൽ വരുന്നതിനെ ഇൻജക്ഷന് ആയുള്ള എന്റെ സമ്മതമായി കണക്കാക്കപ്പെടും.

	പേര് (Name)	**ഒപ്പ് / തള്ളവിരൽ അടയാളം (Signature / Thumb impression)**	**തീയതി (Date)**	**സമയം (Time)**
രോഗി / അധികാരപ്പെടുത്തപ്പെട്ട ബന്ധു (Patient / Authorised relative)	രോഗിയുമായുള്ള ബന്ധം (Relationship with patient, if LAR):		DD/MM/YYYY	HH:MM AM/PM
സാക്ഷി (ബന്ധു) - ലഭ്യമാണെങ്കിൽ (Witness [Relative] if available)			DD/MM/YYYY	HH:MM AM/PM
ഡോക്ടറുടെ സാന്നിധ്യത്തിൽ (In the presence of Dr.)			DD/MM/YYYY	HH:MM AM/PM